# പതിനാലാം കേരള നിയമസഭ
## 7-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2288**

16.08.2017 -ൽ മറുപടിയ്ക്ക്

## പൊൻമുടിയുടെ വികസനത്തിനായി പദ്ധതികൾ

ശ്രീ.ഡി.കെ. മുരളി

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമല പ്ഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ടൂറിസ്റ്റ് കേന്ദ്രമായ പൊൻമുടിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ 2016-17, 2017-18 ബ്ഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെ; വിശദമാക്കാമോ;

എ) 206-17 ബഡ്ജറ്റ് പ്രസംഗത്തിലെ പദ്ധതികൾ താഴെപറയുന്നവയാണ്.
പൊൻമുടിയിലെ റോപ് വേ നിർമ്മാണവും അടിസ്ഥാനസൗകര്യവും വികസനവും
പൊൻമുടിയിലേക്ക് റോപ്പ് വേ നിർമിക്കുന്നതിനായി കൺസൾട്ടൻസിൽ നിന്നും Expression of Interest ( EOI) ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി വനം വകുപ്പിന്റെ അനുവാദം അനിവാര്യമാണ്.
അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമല പ്ഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ടൂറിസ്റ്റ് കേന്ദ്രമായ പൊൻമുടിയിൽ ഗസ്റ്റ് ഹൗസിന്റെ പുനരുദ്ധാരണം , നവീകരണം, അറ്റകുറ്റപണികൾ എന്നിവയുമായി ബന്ധപ്പെട്ട് താഴെപറയുന്ന പ്രവൃത്തികൾ 2016-17,2017-18 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ചു.

1) പൊന്മുടി ഗസ്റ്റ് ഹൗസിലെ ബി ബ്ലോക്കിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ
2) പൊന്മുടി ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം(phase 1)
3) പൊന്മുടി ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ അഡീഷണൽ ബ്ലോക്കിലെ ഇലക്ട്രിക്കൽ പ്രവർത്തി
4) കെ.ടി.ഡി സിയുടെ 15 കോട്ടേജുകൾ നവീകരിക്കുന്നതിന് ഭരണാനുമതി.

ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

ബി) 1) പൊന്മുടി ഗസ്റ്റ് ഹൗസിലെ ബി ബ്ലോക്കിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ ആരംഭിച്ചു കഴിഞ്ഞു.
2) പൊന്മുടി ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം(phase 11) ആരംഭിച്ചിട്ടുണ്ട്
3) പൊന്മുടി ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ അഡീഷണൽ ബ്ലോക്കിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ടി വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.
4) കെ.ടി.ഡി സിയുടെ 15 കോട്ടേജുകൾ നവീകരിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

സി) ഈ പദ്ധതികൾക്കുവേണ്ടി ഇതേവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

സി) ഈ പ്രവൃത്തികൾക്കായി 6,94,53,089/- രൂപ പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്തു കഴിഞ്ഞു.
കെ.ടി.ഡി.സി പദ്ധതി യ്ക്ക് വേണ്ടി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ